**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 191** **22-07-2021 - ൽ മറുപടിയ്ക്ക്**

**കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri. P. Rajeeve (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പാറശാല നെടുവാൻവിളയിലെ വീവേഴ്സ് കോളനിയിലെ പതിനെട്ട് താമസ്സക്കാർക്ക് പട്ടയം ലഭ്യമാക്കി നൽകുന്നതിനുള്ള നടപടികൾക്ക് കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള ഫയലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | പാറശ്ശാല നെടുവാൻവിളയിലെ വീവേഴ്സ് കോളനിയുമായി ബന്ധപ്പെട്ട് ഖാദി ബോർഡിൽ അപേക്ഷ ലഭ്യമായതിന്മേൽ ബോർഡ് പരിശോധിച്ചു വരുന്നു. |
| (ബി) | പെരുങ്കിടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സോസൈറ്റി നമ്പർ സി.ഐ .എൻ.ഡി (ടി) 1 എന്ന സംഘത്തിന് ഖാദി ഗ്രാമവ്യവസായ ബോർഡിൽ എത്ര രൂപയുടെ വായ്പാ കുടിശികയാണ് നിലവിലുള്ളത്; അറിയിക്കാമോ; | (ബി) | പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം. സി.ഐ.എൻ.ഡി (ടി)1 എന്ന സംഘത്തിന് 19.07.2021 വരെ 9,93,597/- രൂപ ഖാദി ബോർഡിൽ കുടിശ്ശികയുണ്ട്. |
| (സി) | പ്രസ്തുത സംഘത്തിന്റെ കുടിശികയിന്മേൽ ഖാദി ഗ്രാമവ്യവസായ ബോർഡ് റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം. സി.ഐ.എൻ.ഡി (ടി)1 ന് എതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഡി) | ഈ സംഘം ബോർഡിൽ പണയപ്പെടുത്തിയിട്ടുള്ള റീസർവേ 645/2 -ൽ ഉൾപ്പെടുത്തിയിട്ടുള്ള ഒൻപത് ആർ സ്ഥലം മാരായമുട്ടം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറാനും പ്രസ്തുത സംഘത്തിന് ഖാദി ഗ്രാമവ്യവസായ ബോർഡിലുള്ള വായ്പാ കുടിശിക പെരുങ്കിടവിള ഗ്രാമപഞ്ചായത്ത് ഒടുക്കാമെന്നും കാണിച്ചുകൊണ്ട് സമർപ്പിച്ചിരുന്ന ഫയലിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ഡി) | പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം. സി.ഐ.എൻ.ഡി (ടി)1 എന്ന സംഘം വക സ്ഥലം പോലീസ് സ്റ്റേഷന് നൽകാൻ 21.4.2016 ലെ ഖാദി ബോർഡ് യോഗം തീരുമാനിച്ചു. ബോർഡിനുള്ള കുടിശ്ശിക അടച്ച് തുടർ നടപടികൾ സ്വീകരിക്കാൻ പെരുങ്കടവിള ഗ്രാമ പഞ്ചായത്തിന് നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശം പാലിച്ച് പെരുങ്കടവിള ഗ്രാമ പഞ്ചായത്തിന്റെ 9.6.2017 ലെ യോഗത്തിൽ 14 (6) നമ്പർ തീരുമാനമായി വസ്തു ഏറ്റെടുക്കാനും ഖാദി ബോർഡ് ആവശ്യപ്പെട്ടതിൻ പ്രകാരം പഞ്ചായത്ത് ചെലവിൽ ടി സ്ഥലത്ത് ഒരു ഖാദി കേന്ദ്രം കൂടി നിർമ്മിച്ചു നൽകാനും തീരുമാനിച്ചതായി ഖാദി ബോർഡിനെ അറിയിച്ചിരുന്നെങ്കിലും, കുടിശ്ശിക |

| | | | |
|---|---|---|---|
| | | | അടയ്ക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. |
| (ഇ) | ഈ ഫയലുകൾ അതിവേഗത്തിൽ തീർപ്പാക്കി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാമോ; വിശദാംശം അറിയിക്കാമോ? | (ഇ) | ഖാദി ഗ്രാമ വ്യവസായ ബോർഡിന് ലഭിക്കേണ്ട കുടിശ്ശിക ലഭിക്കുന്ന മുറയ്ക്ക് ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും |

സെക്ഷൻ ഓഫീസർ